**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5375** **05-07-2024 - ൽ മറുപടിയ്ക്ക്**

**കുസാറ്റ് യൂണിവേഴ്സിറ്റിയുടെ കുട്ടനാട്ടിലെ പുളിങ്കുന്ന് ക്യാമ്പസിന്റെ അടിസ്ഥാന സൗകര്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കുസാറ്റ് യൂണിവേഴ്സിറ്റിയുടെ കുട്ടനാട്ടിലെ പുളിങ്കുന്ന് ക്യാമ്പസിന്റെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും പുതിയ കോഴ്സുകൾ തുടങ്ങുന്നതിനും നടപടികൾ സ്വീകരിക്കുമോ; | (എ) | പുളിങ്കുന്ന് ക്യാമ്പസിൽ പുതിയ കോഴ്സുകൾ തുടങ്ങുന്ന വിഷയം സ്ഥല പരിമിതി മൂലം നിലവിൽ പരിഗണനയിലില്ല . പുതിയ കെട്ടിടങ്ങൾ (ക്ലാസ് റൂം, സ്റ്റാഫ് റൂം, ലാബുകൾ ഉൾപ്പെടെ) നിർമ്മിക്കുന്നതിലേക്കായി നബാഡിലേക്ക് സർവകലാശാല പ്രൊപ്പോസൽ നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത ക്യാമ്പസിന്റെ നവീകരണത്തിന് എന്തെല്ലാം പുതിയ നിർദ്ദേശങ്ങൾ നടപ്പാക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | പുളിങ്കുന്ന് ക്യാമ്പസിന്റെ നവീകരണത്തിലേക്കായി അധിക സാമ്പത്തിക ബാധ്യത കൂടാതെ തന്നെ നിലവിലുള്ള ഒരു കെട്ടിടം പുതുക്കി ഒരു സെമിനാർ കോംപ്ലക്സ് നിർമ്മിക്കുന്നതിലേക്കുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു കഴിഞ്ഞു. ഇതു കൂടാതെ കുട്ടനാട്ടിലെ സാധാരണക്കാരായ മത്സ്യ കർഷകർക്ക് ഉതകുന്ന രീതിയിൽ മത്സ്യകുഞ്ഞുങ്ങളുടെ പ്രജനനം നടത്തി സൗജന്യമായി വിതരണം ചെയ്യുന്ന ഒരു പദ്ധതി, അതോടോപ്പം മത്സ്യങ്ങൾക്ക് വേണ്ട ഭക്ഷണം ഉൽപ്പാദിപ്പിക്കുന്ന ഒരു യൂണിറ്റ് എന്നിവയുള്ള പദ്ധതി സർവകലാശാല വിഭാവനം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ